ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നമ്പർ : എ.സി.ഡി.എസ്. പി.സി (1)/35009/2016/HSE (ബി.പി.എൽ) തീയതി: 17/11/2016

# സർക്കുലർ

**വിഷയം:-** ഹ.സെ.വി- മെറിറ്റ് കം മീൻസ് (ബി.പി.എൽ) സ്കോളർഷിപ്പ്-പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ-സംബന്ധിച്ച്

**സൂചന:** 1. 24.10.16 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2.. 16.11.16 തീയതിയിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ

2016-17 വർഷത്തെ മെറിറ്റ് കം മീൻസ് (ബി.പി.എൽ) സ്കോളർഷിപ്പ് സംബന്ധിച്ച സൂചന (2) നോട്ടിഫിക്കേഷനിൽ ഓരോ സ്കൂളിനും അനുവദിച്ച സ്കോളർഷിപ്പുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. അതതു സ്കൂളുകൾക്ക് അനുവദിച്ചതിൽ പകുതി വീതം 11, 12 ക്ലാസ്സുകൾക്കായി നൽകേണ്ടതാണ്. സൂചന (1) ലെ സർക്കുലർ പ്രകാരം അതത് സ്കൂളുകളിൽ ലഭ്യമായ അപേക്ഷകളിൽ മേൽ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്കനുസൃതമായി 11-ാം ക്ലാസുകാരുടെ റാങ്ക്ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

ബി.പി.എൽ സ്കോളർഷിപ്പ് 2015-16 മുതൽ ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (ഗുണഭോക്താക്കളുടെ ആധാർ നമ്പറുമായി ബന്ധപ്പെടുത്തിയ അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്ന രീതി) പദ്ധതിയിലേയ്ക്ക് മാറിയ വിവരം ഒരിയ്ക്കൽ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിനാൽ എല്ലാ ഗുണഭോക്താക്കൾക്കും ആധാർ ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് നിർബന്ധമായും ഉണ്ടായിരിക്കണം.

ജനറൽ വിഭാഗം റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ 11-ാം ക്ലാസിലെ ബി.പി.എൽ വിഭാഗക്കാരായ അപേക്ഷകരെ മൊത്തമായും പരിഗണിയ്ക്കേണ്ടതാണ്. (എസ്.സി/എസ്.ടി, ആർട്സ്/സ്പോർട്സ്/ഐ.ഇ.ഡി ഉൾപ്പെടെ) ജനറൽ വിഭാഗത്തിനുള്ള സ്കോളർഷിപ്പിനു തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ എസ്.സി/എസ്.ടി വിഭാഗക്കാരുടെ പട്ടിക തയ്യാറാക്കി ജില്ലാപഞ്ചായത്തിനു നൽകാവൂ.

ഇപ്രകാരം തെരഞ്ഞെടുപ്പ് പൂർത്തിയാക്കിയവരുടെ വിശദാംശങ്ങൾ അഡ്മിഷൻ പോർട്ടലായ www.hscap.kerala.gov.in ൽ ലഭ്യമാക്കുന്ന ഓൺലൈൻ ലിങ്കിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ് (തീയതി ഡി.എച്ച്.എസ്.ഇ പോർട്ടൽ വഴി അറിയിക്കുന്നതാണ്.) ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ **അതീവ ശ്രദ്ധയോടെ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.** ആധാർ ബന്ധപ്പെടുത്തിയ അക്കൗണ്ടിന്റെ തന്നെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

എസ്.സി/എസ്.ടി വിഭാഗം അപേക്ഷകൾ 28/11/2016 നുള്ളിൽ അതത് ജില്ലാ ഓഫീസുകളിലും എസ്.സി/എസ്.ടി, ആർട്സ്/സ്പോർട്സ്/ഐ.ഇ.ഡി വിഭാഗം അപേക്ഷകൾ 30.11.2016 നകം ഹയർസെക്കന്ററി ഡയറക്ടറുടെ കാര്യാലയത്തിലും ലഭ്യമാക്കേണ്ടതാണ്.

**ഒപ്പ്/-**

**ജോയിന്റ് ഡയറക്ടർ**